# കലകൾ ലക്ഷദ്വീപിൽ

എൻ. വി. കൃഷ്ണവാരിയർ

അറബിക്കടലിൽ ഇന്ത്യാവൻകരയിൽനിന്ന് ഏകദേശം നൂറു മുതൽ ഇരുനൂറാമ്പതുവരെ നാഴിക അകലെ, കന്യാകുമാരി മുതൽ കണ്ണൂർവരെയുള്ള അകലത്തിന്നിടയിൽ കിടക്കുന്ന പത്തു പവിഴ ദ്വീപുകളും ഏതാനും തുരുത്തുകളുമാണ് ലക്ഷദ്വീപുകൾ എന്ന പേരിലറിയപ്പെടുന്നത്. ഇവയിലെ നിവാസികളെല്ലാം മുസ്ലീംകളാണ്. ഭരണപരമായി ഇവ മലബാർ, ദക്ഷിണകന്നാടകം എന്ന രണ്ടു ജില്ലകളോടു ബന്ധിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. എന്നാൽ, കലയുടെ വീക്ഷണത്തിൽനിന്നു നോക്കുമ്പോൾ, ഏററവും തെക്കു വശത്ത്, മിയ്ക്കവാറും കന്യാകുമാരിയ്ക്കു നേർ പടിഞ്ഞാറു കിടക്കുന്ന മിനിക്കോയ് ദ്വീപിനെ വേർതിരിച്ചും, മറെറല്ലാ ദ്വീപുകളേയും ഒരുമിച്ചും, കണക്കാക്കുകയാണ് വേണ്ടത്.

## മിനിക്കോയ്

മലബാർ ജില്ലയിലുൾപ്പെട്ടതെങ്കിലും മിനിക്കോയ് ദ്വീപിൽ കേരളീയ ജീവിതത്തിന്റെ സവിശേഷതയെന്നു പറയാവുന്ന രണ്ടു സംഗതികൾ മാത്രമേ ഞാൻ കണ്ടുള്ളു. മരുമക്കത്തായവും, വള്ളംകളിപ്രിയവും. മിനിക്കോയ്കാരുടെ ഭരണഭാഷ മലയാളമാണെങ്കിലും, അതറിയാവുന്നവർ അവിടെ തുലോം ചുരുക്കമാണ്. മാലദ്വീപുകളിൽ പ്രചരിക്കുന്ന 'മഹൽ' എന്ന ഭാഷയാണ് മിനിക്കോയ്ക്കാരുടേത്. പ്രാചീന സിംഹളഭാഷയോടു ബന്ധപ്പെട്ടതെന്നു പറയപ്പെടുന്ന 'മഹൽ' ഭാഷയിൽ ഹിന്ദുസ്ഥാനി, അറബി, മലയാളം മുതലായ ഭാഷകളുടെ കലപ്പ് വളരെയുണ്ട്. ഈ ഭാഷയിൽ അച്ചടിച്ച പുസ്തകങ്ങൾ ഞാൻ കാണുകയുണ്ടായി. മാലദ്വീപിൽ ഈ ഭാഷയിൽ നടക്കുന്ന വൃത്താന്ത പത്രവുമുണ്ടത്രെ. അക്ഷരം അറബിയിൽനിന്നു രൂപപ്പെടുത്തിയതാണ്. മഹലിന്നു പുറമെ മിനിക്കോയക്കാരിൽപ്പലർക്കും ഹിന്ദുസ്ഥാനിയും വശമാണ്.

മിനിക്കോയ്ക്കാരുടെ സംഗീതം അത്ര സുഖപ്രദമായെനിയ്ക്കു തോന്നിയില്ല. അതിന്നു അറബി സംഗീതത്തോടാണ് കൂടുതൽ അടുപ്പമെന്നു തോന്നി. മെല്ലെയാരംഭിച്ച്, ഉയന്ന്, ഒരു സൈറൺപോലെ അതു സാവധാനം താഴ്ന്നുതാഴ്ന്നില്ലാതെയാവുന്നു. കുറച്ചു നേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം ഇതു വീണ്ടും ആവർത്തിയ്ക്കുന്നു. ഈ സംഗീതത്തിന്നു വിഷയമാകുന്നത് മതകഥകൾ വീരചരിതങ്ങൾ മുതലായവയത്രേ. പ്രശസ്തങ്ങളായ പള്ളികൾ, കളിവഞ്ചികൾ മുതലായവയെ കുറിച്ചൊക്കെ അവർ പാട്ടുകൾ നിർമ്മിയ്ക്കാറുണ്ട്.

സംഗീതത്തേക്കാൾ അവക്കു പ്രിയം നൃത്തമാണെന്നു തോന്നുന്നു. നൃത്തം പുരുഷന്മാരുടെ കലയാണ്. ബക്രീദ്, മുഹറം, റംസാൻ മുതലായ മതോത്സവങ്ങളോടനുബന്ധിച്ച്, മിയ്ക്കവാറും വർഷകാലത്താണ് അവരുടെ നൃത്തങ്ങൾ നടക്കാറ്. കറുത്ത തെങ്ങിൻതടികൊണ്ടുള്ള കുററിയും, ആട്ടിൻതോൽതട്ടുകളുമുള്ള ഭംഗിയുള്ള ചെണ്ടകൾ കഴുത്തിൽ തൂക്കിയിട്ട്, അവയിലടിച്ചുകൊണ്ടാണിവർ നൃത്തംചെയ്യുക. നർത്തകർ പല വിധത്തിലുമുള്ള വേഷവിധാനങ്ങൾ അണിഞ്ഞിരിയ്ക്കും. മിനിക്കോയിലുള്ള മൂവ്വായിരത്തെഴുനൂറിലേറെ ആളുകൾ എട്ട് 'അത്തിരികൾ' (ഗ്രാമങ്ങൾ) ആയി വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഓരോ അത്തിരിയിലും ഓരോ നർത്തകസംഘമുണ്ട്. ഞാൻ കണ്ട സംഘങ്ങളിലൊന്നിൽ മുപ്പത്തിരണ്ടാളുകളുണ്ടായിരുന്നു. ഈ സാമൂഹ്യനൃത്തങ്ങൾ വളരെ ഭംഗിയും ചൊടിയുമുള്ളവയാണ്. ചെണ്ടയ്ക്കുപുറമെ തല്ലും അവർ ഉപയോഗിയ്ക്കാറുണ്ട്.

## ശില്പകലാവിദഗ്ദ്ധന്മാർ

നാടകം മുതലായ കലകളൊന്നും അവക്കില്ല. എന്നാൽ ശില്പകലയിൽ അവർ വിദഗ്ദ്ധന്മാരാണ്. സ്വന്തം ദ്വീപിൽ കിട്ടുന്ന പവിഴപ്പാറക്കഷണങ്ങളും അവ നീററിയെടുത്ത വെൺചുണ്ണാമ്പും, പുറമെനിന്നുകൊണ്ടുവരുന്ന മരവും മററു സാമാനങ്ങളും ഉപയോഗിച്ച് ഭംഗിയുള്ള കെട്ടിടങ്ങൾ ഇവർ പണിയുന്നു. മിനിക്കോയിൽ ഇരുനിലക്കെട്ടിടം ഒന്നേഉള്ളു. ഓരോ അത്തിരിയിലും 'വരാംഗേ' എന്നു പേരുള്ള ക്ലബ്ബ് കെട്ടിടങ്ങളുണ്ട്. മൂന്നു ഭാഗവും അടച്ച് ഒരു ഭാഗം തുറന്ന ഈ കെട്ടിടങ്ങളിലും പള്ളികളിലും, അതിഭംഗിയുള്ള മരക്കൊത്തുപലകകളും ചായപ്പണികളും കാണാം. മുസ്ലീംകലയിൽ പൊതുവെ കാണുന്നതുപോലെ, രൂപപ്രതിനിധാനമല്ല, അലങ്കാരമാണ് ഈ ചിത്രകലയുടെ ഉദ്ദേശം. പല നിറത്തിലുള്ള പവിഴപ്പാറകൾകൊണ്ട് അവർ കൊത്തിയെടുക്കുന്ന ശ്മശാനശിലകളും അഴകുററവതന്നെ.


മിനിക്കോയ്ക്കാരുടെ രക്തത്തിൽ സൌന്ദര്യബോധത്തിന്റെ മാത്ര വളരെ കൂടുതലുണ്ട്. അവരുടെ ഗ്രാമങ്ങൾക്കുള്ള വൃത്തിയും വെടുപ്പും ഒന്നു വേറെതന്നെ. സ്ത്രീകൾ എപ്പോഴും, പുരുഷന്മാർ രാത്രിയിലും, സില്ക്കുടുപ്പുകളാണ് ധരിയ്ക്കുക. വീതിയിൽ കസവുള്ള പാവാട, മീതെ ഭംഗിയിൽ തുന്നിയതും ചുമലുകളിൽ കുടുക്കുള്ളതുമായ ചുകപ്പു ഗൌൺ, തലയിൽ കറുത്ത ഉറുമാല്, ഇതാണ് സ്ത്രീകളുടെ വേഷം. പുരുഷന്മാർ കറുത്ത കാലുറകളും അവയ്ക്കുമീതെ ലുങ്കികളും തലയിൽ വരകളുള്ള കറുപ്പോ ചുകപ്പോ ഉറുമാലും ധരിയ്ക്കുന്നു. സ്ത്രീകളും പുരുഷന്മാരും മഷികൊണ്ടു കുട്ടുപുരികമെഴുതി വാലിട്ടിരിയ്ക്കും. സുഗന്ധവസ്തുക്കളിൽ ഇവക്കുള്ള താല്പര്യത്തിന്നതിരില്ല. വീടുകളിൽ ഭംഗിയുള്ള കിടയ്ക്കകളും തലയണകളും വിലയേറിയ വിരികളും കൊതുവലകളും കാണാം. ഓരോ മുറിയിലും ഒരാട്ടുകട്ടിലെങ്കിലുമുണ്ടാവും. ഭംഗിയുള്ള വീട്ടുസാമാനങ്ങളും പാത്രങ്ങളും ഇവർ സംഭരിയ്ക്കുന്നു. ഇവരുടെ മുറുക്കാൻ ചെല്ലങ്ങളും, വെള്ളിയടപ്പനും, വെള്ളിച്ചെപ്പിത്തോണ്ടിസ്സെററുകളും, പിച്ചാത്തിപ്പിടികളും മററും മനോഹരങ്ങളാണ്. സ്ത്രീകൾ ധാരാളം ആഭരണങ്ങളണിയുന്നു. ചെവിയിൽ സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ഉള്ള വലയങ്ങളുണ്ടാവും. ഒരു ജാതിക്കാർക്കുമാത്രം ചെവിയിൽ കറുത്ത ചരടാണാഭരണം.

## 32,000ക. യുടെ വള്ളം

ഓരോ അത്തിരിയ്ക്കും ഓരോ കളിവള്ളമുണ്ട്. ഇവയിലൊന്നു നിർമ്മിയ്ക്കാൻ മുപ്പത്തീരായിരം രൂപ ചെലവായി. ഒരു തോണിയിൽ 43 തുഴക്കാരെ ഞാൻ എണ്ണി. ഇവയുടെ പങ്കായങ്ങൾ ഒരു ദീർഘവൃത്തത്തിന്റെ പകുതിപോലാണ്. തെങ്ങിൻതടികൊണ്ടുണ്ടാക്കിയ ഉരുണ്ട തണ്ടുകളിൽ ഇവ വെച്ചുകെട്ടുന്നു. മഞ്ഞ, നീല, വെള്ള, വെള്ളയിൽ ചുകപ്പ്, വെള്ളയിൽ കറുപ്പ് മുതലായ ചായങ്ങൾ പങ്കായങ്ങളിൽ തേച്ചിരിയ്ക്കും. ഒരു തോണിയുടെ എല്ലാ പങ്കായത്തിന്നും ഒരു നിറമാണ്. ഇവ ഉയർത്തിനില്ക്കു

10 കേരള പുരോഗമനകലാസമിതി, പൊന്നാനി
11 പീസ്കംച്ചാൽ ലീഗ്, പൊന്നാനി
12 കോമൺസ്ക്ലബ്ബ്, പൊന്നാനി
13 കലാലതാ കലാസമിതി, പനമ്പാട്ട്, പുറങ്ങ്
14 കൃപാപ്രൊഡക്ഷൻസ്, പൊന്നാനി
15 ചാഴിയാട്ടിരി കലാസമിതി, ചാത്തനൂർ

ന്ന തോണി ക
ണ്ടാൽ, തുവലു
കൾ വിടർത്തി
നില്ക്കുന്നൊരു
''ടക്കി''യുടെ
പ്രതീതിയാണു
ണ്ടാവുക. ചു
ക്കാൻപിടി വ
ലിയൊരരിവാ
ളിന്റെ രൂപ
ത്തിലാണ്.
ഇതിലെല്ലാം
ഭംഗിയായ ചാ
യപ്പണിയുണ്ട്.
ഓടികൾ ത
മ്മിൽ മത്സര
ങ്ങൾ ഇടയ്ക്കി
ടെ നടക്കും.
മത്സരത്തിൽ
തോററവരെല്ലാം
തലയിൽ കെ
ട്ടിയ ഉറുമാലഴി



ചെണ്ടകൊട്ടി നൃത്തം ചെയ്യുക മിനക്കോയ് ദ്വീപുകാരുടെ ഏററവും പ്രിയപ്പെട്ട ഒരു കലയാണ്.

ച്ചുകളയുന്നു. ഓടികളിയ്ക്കു ചില പാട്ടുകളുണ്ട്. ''ഹസ്സാ!'' എന്ന ഒരു ഭാഗക്കാരും ''മസ്സി'' എന്നു മററ ഭാഗക്കാരും പല്ലവിയായിപ്പാടുന്നു. അതിവിദഗ്ദ്ധരായ തോണിക്കാരാണിവർ.

മലബാർജില്ലയുടെ ഒരു ഭാഗമാണെങ്കിലും, 'മിനിക്കോയി'ക്കാരുടെ ഭാഷ, സാഹിത്യം, കലകൾ, സാമൂഹ്യാചാരങ്ങൾ മുതലായവയെപ്പററി കേരളത്തിൽ ഒരറിവുമില്ല. ഇവ പഠിച്ചു മനസ്സിലാക്കാൻ ആരും ഇതുവരെ ശ്രമിച്ചിട്ടില്ല. ഇത്ര പ്രകൃതിഭംഗിയുള്ള ഒരു സ്ഥലം ലോകത്തിലെവിടെയെങ്കിലുമുണ്ടാകുമോ എന്നു സംശയമാണ്. ദ്വീപിന്റെ മുമ്പിലുള്ള തടാക (ബില്ല)ത്തിന്റെ ആകെയുള്ള പച്ചനിറവും, അതിന്നിടയിൽ വെയിലത്തു വെട്ടിത്തിളങ്ങുന്ന മഴവില്ലനിറങ്ങളും ഒരിയ്ക്കൽകണ്ടവർ മറക്കുകയില്ല. അതിപ്രാകൃതമായ പല സാമൂഹ്യസമ്പ്രദായങ്ങളും പുലർത്തുന്ന ദ്വീപുവാസികളാകട്ടെ, സരളശീലരും സ്നേഹാർദ്രഹൃദയരുമത്രേ. മലയാളികൾ ഇവരുടെ കാര്യങ്ങളിൽ കൂടുതൽ ജിജ്ഞാസ പ്രദർശിപ്പിയ്ക്കേണ്ടതാണ്.

## കലാദരിദ്രങ്ങളായ മററ ദ്വീപുകൾ

കല്പേനി, അന്ത്രോത്ത്, കവറത്തി, അമേനി, ആക്കത്തി, കടമാത്ത്, കില്ലത്തൻ, ചെത്തിലത്ത്, ബിത്തിര എന്നിവയാണ് ലക്ഷദ്വീപിലെ മററ പ്രധാന ദ്വീപുകൾ. ഇവയിൽ ആദ്യത്തെ നാലെണ്ണം മാത്രമേ ഞാൻ സന്ദർശിച്ചുള്ളു. മിനിക്കോയിയിൽനിന്നു കല്പേനിയ്ക്കു വരുമ്പോൾ നമുക്കു തോന്നുന്നത് ആകെയൊന്നു തലകീഴ്മേൽ മറിഞ്ഞപോലെയാണ്. പൊന്നാനിത്താലൂക്കിലെവിടേയോ പെട്ടെന്നു ചെന്നുപെട്ടതുപോലെയൊരു തോന്നൽ. ജനങ്ങളുടെ വേഷവും രൂപവും പൊന്നാനിത്താലൂക്കിലേതുതന്നെ. ഭാഷയിൽ മാത്രം പല പ്രാദേശികഭേദങ്ങളുമുണ്ട്.

ഈ ദ്വീപുകളിൽ, മിനിക്കോയിയെ അപേക്ഷിച്ചുനോക്കുമ്പോൾ, ദാരിദ്ര്യം വളരെയധികമാണ്. രോഗങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. വിദ്യാഭ്യാസം മോശമാകുന്നു. ഇക്കാരണങ്ങളാലാവാം, കലാപരമായും ഇവ തുലോം പിന്നണിയിലത്രേ. മിയ്ക്ക ദ്വീപുകളിലുമുള്ള ഹുജ്ജുപള്ളികൾ, പ്രത്യേകിച്ചു കവറത്തിയിലേതു്, മരക്കൊത്തുപണികൾകൊണ്ടു മനോഹരമായിട്ടുണ്ട്. വീടുകളുടെയോ വീട്ടുപകരണങ്ങളുടെയോ കാര്യത്തിൽ കലാഭംഗിയൊന്നും കാണാൻ കഴികയില്ല. സ്ത്രീകളുടെ ആഭരണങ്ങൾ പഴയ മാതൃകയിലുള്ളവയാണ്. പൊൻപണ്ടങ്ങളിൽ ദ്വീപുകാർക്കു പൊതുവെ വളരെ താല്പര്യമാണ്.

പരിചകളി, കോല്ക്കളി, എന്നിവയാണിവിടങ്ങളിലെ മുഖ്യ വിനോദങ്ങൾ. നടുവിൽവെച്ചു ചതഞ്ഞ ചെറുപരിചഭംഗിയുള്ളതൊന്നുമല്ല. സാധാരണ മലബാറിലെ മുസ്ലീംകൾക്കിടയിൽക്കാണുന്നതുതന്നെ. എന്നാൽ മലബാറിലെയത്ര സ്പിരിററോ ചൊടിയോ കാണുകയുണ്ടായില്ല. പാട്ടുകളും മലബാറിലേതുതന്നെയാണെന്നു തോന്നി.

ഈ ദ്വീപുകളിൽ കളിവള്ളങ്ങളില്ല. മീൻപിടിയ്ക്കാനുള്ള വഞ്ചികൾ തന്നെ ചെറുയാത്രകൾക്കു അവർ ഉപയോഗിയ്ക്കുന്നു. തോണിക്കാരിൽ മനോഹരമായി 'കെസ്സ്' പാടുന്നവരുണ്ട്.

''ഓമ്പേലാ ഓാമ്പേലാ ഓമ്പേ
ലാാ
''ഓാമ്പേലാ ഓമ്പേലാാ ഓാമ്പേ
ലാ ഏലായൊന്നല്ലാ''

എന്ന വഞ്ചിപ്പാട്ടും പല്ലവിയും വളരെ മധുരമാണ്. അമേനിയിൽവെച്ച്, കൈകൊണ്ടു താളംപിടിച്ചുള്ള സ്ത്രീകളുടെ ഒപ്പനപ്പാട്ടും ഞാൻ കേൾക്കുകയുണ്ടായി.

ആന്ത്രോത്തിലെ തങ്ങൾമാരുടെ വസ്ത്രധാരണം എടുത്തുപറയേണ്ടതാണ്. പഴയ ചരിത്രപുസ്തകങ്ങളിലെ നാദിർഷാ, ഇബ്രാഹിംലോദി മുതലായവരുടെ ഉടയാടകളെ ഇതു് അനുസ്മരിപ്പിയ്ക്കുന്നു. നല്ല നിറപ്പകിട്ടുണ്ട്.

ദ്വീപിലെ മറെറാരു വിനോദം എലിവേട്ടയാണ്. തെങ്ങുകളിൽക്കയറി പ്പാറിയ ക്രൂരൻ എലികളെ വളരെപ്പേർ ചേർന്നു് നിലത്തു ചാടിച്ചു് തല്ലിക്കൊല്ലുന്നു. ഈ സമയത്തെ കൂക്കും വിളിയും ലഹളയും കാണേണ്ടതുതന്നെ.

ഇതൊക്കെയായാലും, മിനിക്കോയ് ഒഴികെ മററുള്ള ദ്വീപുകളെല്ലാംതന്നെ കലാദരിദ്രങ്ങളാണ്. അതുകൊണ്ടുകൂടിയാവാം, ഏകരൂപമായ ജീവിതത്തിന്റെ വൈരസ്യത്തിന്നൊരു പരിഹാരമെന്ന നിലയിൽ അവർ ബാല്യവിവാഹത്തിലേർപ്പെടുന്നതും, ജനസംഖ്യ അമിതമായി വർദ്ധിപ്പിയ്ക്കുന്നതും.

---